# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5035** **15.11.2019 ൽ മറുപടിയ്ക്ക്**

**പോളിഹൗസുകളുടെ നിർമ്മാണം**

| ചോദ്യം | ഉത്തരം |
| --- | --- |
| **ശ്രീ.കെ.എൻ.എ ഖാദർ** | **ശ്രീ. വി.എസ്. സുനിൽ കുമാർ**<br>**(കൃഷി വകുപ്പ് മന്ത്രി)** |
| എ) കൃഷിക്കായുള്ള പോളിഹൗസുകളുടെ നിർമ്മാണത്തിനും അതിനാവശ്യമായ മറ്റു സാങ്കേതിക സഹായങ്ങൾ നൽകുന്നതിനുമായി കൃഷി വകുപ്പിനു കീഴിൽ കർഷകർക്ക് നൽകുന്ന സഹായങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ ; | എ) സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ- കേരള മുഖേന മിഷൻ ഫോർ ഇന്റെഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടിക്കൾച്ചർ പദ്ധതിയിലെ സംരക്ഷിത കൃഷി എന്ന ഘടകത്തിൽ ഉൾപ്പെടുത്തി 40 മുതൽ 4000 ച. മീറ്റർ വരെ വിസ്തീർണ്ണമുള്ള പോളിഹൗസിന് 50% സഹായധനവും, ഹൈടെക് ഫാമിംഗ് പദ്ധതിയിൽ ഉൾപ്പെടുത്തി 40 മുതൽ 4000 ച. മീറ്റർ വരെ വിസ്തീർണ്ണമുള്ള പോളിഹൗസിന് 75% സഹായധനവും നൽകി വരുന്നു. |
| ബി) 2019-20 സാമ്പത്തിക വർഷത്തെ ബജറ്റിൽ ഈയിനത്തിൽ എത്ര തുക വകയിരുത്തിയിരുന്നു; ഇതിൽ എത്ര ചെലവഴിച്ചു; ഈയിനത്തിലുള്ള തുക വകമാറ്റാൻ നിശ്ചയിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | ബി) 2019-20 സാമ്പത്തിക വർഷത്തിൽ ഈയിനത്തിൽ തുക വകയിരുത്തിയിട്ടില്ല. |
| സി) സംസ്ഥാനത്ത് പോളിഹൗസുകളുടെ ഉപയോഗം മുൻവർഷങ്ങളിൽ നിന്നും കുറഞ്ഞു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ? | സി) ഉണ്ട്. തുറസ്സായ സ്ഥലത്തെ പച്ചക്കറി കൃഷിയെ അപേക്ഷിച്ച് കൂടുതൽ മൂലധനവും ശ്രദ്ധയും ആവശ്യമായ പോളിഹൗസ് കൃഷി, കർഷകർ മതിയായ പരിജ്ഞാനമില്ലാതെ ചെയ്യുന്നതുകൊണ്ട് അപ്രതീക്ഷിത രോഗ കീടബാധയുണ്ടാകുന്ന സന്ദർഭത്തിൽ ഉല്പാദനത്തെയും കർഷകന്റെ വരുമാനത്തെയും സാരമായി ബാധിക്കുന്നു. കേരളത്തിൽ 2018, 2019 വർഷങ്ങളിൽ ഉണ്ടായ പ്രളയം നിലവിലെ പോളിഹൗസുകൾക്ക് കനത്ത നാശനഷ്ടങ്ങൾ വരുത്തിയിട്ടുണ്ട്. ഈ സാഹചര്യങ്ങൾ പോളിഹൗസിന്റെ ഉപയോഗം കുറയുന്നതിന് കാരണമായിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**